# റമദാനും റേഡിയോതെറാപിയും

രോഗം ബാധിച്ച ശരീരാവയവത്തെ കരിച്ചുകളയുകയുന്ന ചികിത്സാരീതിയാണ് റേഡിയേഷൻ തെറാപി. മനുഷ്യരിൽ മാത്രമല്ല മൃഗങ്ങളിലും മണ്ണിലുമൊക്കെ ഈ ചികിത്സാരീതി ഫലവത്തായി ചെയ്തുവരുന്നുണ്ട്.

എന്നാൽ ശരീരത്തിലേൽക്കുന്ന രോഗത്തിനു മാത്രമേ ഇത് പ്രതിവിധിയാകുന്നുള്ളൂ. രോഗം ഹൃദയത്തിനകത്താണെങ്കിൽ എന്തു ചെയ്യും?

മനുഷ്യൻ ചെയ്യുന്ന ഓരോ തെറ്റും അവന്റെ ഹൃദയത്തിൽ കറുത്ത പുള്ളികൾ വീഴ്ത്തുന്നുണ്ടെന്ന് പ്രവാചകൻ പഠിപ്പിച്ചു. തെറ്റുകളുടെ ആധിക്യത്തിനനുസരിച്ച് പുള്ളികൾ വർധിക്കും. ഒടുവിലത് വലുതാവുകയും ഹൃദയം കറുത്തുപോവുകയും ചെയ്യും. അങ്ങനെ സംഭവിക്കുക സ്വാഭാവികമാണ്. അതാണല്ലോ മനുഷ്യമനസ്സിന്റെ അവസ്ഥ. തെറ്റുകൾക്ക് പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതാണത്.

ഹൃദയം ദുഷിക്കുംതോറും അത് ദൈവത്തിങ്കൽ രേഖപ്പെടുത്തപ്പെടുകയും വ്യക്തിയുടെ പാരത്രികഭാഗധേയത്തെ അത് പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഹൃദയത്തെ ശുദ്ധീകരിച്ചവൻ മാത്രമേ വിജയിക്കുകയുള്ളു. അല്ലാത്തവൻ മൃഗത്തെക്കാൾ അധഃപതിച്ചവനായിമാറും.

വ്യക്തി എങ്ങനെയാണ് തന്റെ പാപക്കറകളെ കഴുകിക്കളഞ്ഞു ഹൃദയത്തെ ശുദ്ധീകരിക്കുക? ദൈവം തന്നെ അതിനുള്ള സംവിധാനം ചെയ്തിട്ടുണ്ട്. ഹൃദയത്തിലെ പാപക്കറകളെ കരിച്ചുകളഞ്ഞു അവനെ വിശുദ്ധനാക്കുകയാണ് ദൈവം ചെയ്യുന്നത്. മറ്റു ആരാധനകളിൽ നിന്ന് വ്യത്യസ്തമായി റമദാനിലെ വ്രതത്തെയാണ് അല്ലാഹു അതിനായി തിരഞ്ഞെടുത്തത്.

കരിച്ചുകൊണ്ടുള്ള ചികിത്സാരീതിക്ക് അറബിയിൽ 'റമദ' എന്നു പറയുന്നു. അതിൽനിന്ന് നിഷ്പതിച്ചതാണ് റമദാൻ. അഥവാ ഹൃദയശുദ്ധീകരണത്തിലൂടെ വ്യക്തിയെ സംസ്കരിക്കുന്നതിൽ റമദാന് റേഡിയോതെറാപിയുടെ സ്ഥാനമാണുള്ളത്.

വിശ്വാസിയുടെ ഹൃദയത്തിൽ പതിഞ്ഞ പാപക്കറകളെയൊന്നടങ്കം മാച്ചുകളഞ്ഞു അവനെ വിശുദ്ധനും ഭക്തനുമാക്കാനാണ് ഏകദൈവം ഈ രീതി സംവിധാനിച്ചത്. പക്ഷേ, വ്രതാവസ്ഥയിലല്ലാതെ വിശ്വാസിക്കത് നേടാനാകില്ല. അതിലൂടെ ലഭിക്കുന്ന ആത്മസംസ്കരണമാണ് അവനെ ദൈവഭക്തനാക്കുന്നത്. വിശുദ്ധനാകാതെ ഭക്തനാവുക സാധ്യമല്ല. മനസ്സാണ് അവിടെ പ്രധാനം.

ഇത് അത്ഭുതകരമായ പ്രതിഭാസമാണ്. തനിക്ക് ഭൗതികമായ ഉപകാരം ലഭിക്കണമെന്നല്ല തന്റെ വ്രതത്തിലൂടെ ഒരാൾ കൊതിക്കുന്നത്. തനിക്ക് പാപങ്ങളിൽനിന്ന് ശുദ്ധിയാകണം അതുവഴി ദൈവികപ്രതിഫലവും ലഭിക്കണം എന്നാണ് ഓരോ വ്രതക്കാരനും കൊതിക്കുന്നത്. അതിനാൽ വിനയവും കീഴൊതുക്കവും നിറഞ്ഞ മനസ്സ് തന്റെ സ്രഷ്ടാവിന്റെ കാരുണ്യത്തിനു നേരെ അവൻ തുറന്നുവെക്കുന്നു. തന്റെ കഴിഞ്ഞ കാലങ്ങളിലെ പാപങ്ങൾ തനിക്ക് പൊറുത്തു തരണമെന്നവൻ കേഴുന്നു. ഇബ്റാഹീമിന്റെ വിധേയത്വവും ഈസയുടെ താഴ്മയും യൂനുസിന്റെ പശ്ചാത്തപവും അയ്യൂബിന്റെ പ്രതീക്ഷയും അവനെ നയിക്കുന്നു. ഈ താഴ്മയും വിധേയത്വവും പശ്ചാത്താപവും അവനെ ശുദ്ധീകരണത്തിന്റെ പുതിയ ജന്മത്തിലേക്ക് കൊണ്ടുപോകുന്നു. സൃഷ്ടിക്ക് അനുഭവിക്കാനാകാത്ത രീതിയിലൂടെ ദൈവം അവനെ ശുദ്ധീകരിച്ചു അവന്റെ ഹൃദയത്തെ പ്രകാശമുള്ളതാക്കുന്നു. അതത്രെ റമദാൻ.

ഈ പ്രക്രിയ സാധിക്കുന്നത് വ്രതക്കാരന്റെ ചിട്ടകൾക്കനുസരിച്ചാകുന്നു. രോഗിയുടെ ചിട്ടകളെപ്പോലെ പ്രധാനമാണത്. അതിനാൽ പ്രവാചകൻ പറഞ്ഞു: നീ വ്രതമെടുക്കുമ്പോൾ ശരീരം മുഴുവൻ നോമ്പെടുക്കണം.'' ഈ പ്രവാചകവചനത്തിന്റെ വെളിച്ചത്തിൽ പണ്ഡിതന്മാർ റമദാൻ വ്രതത്തെ സാധാരണ നോമ്പ്, പ്രത്യേക നോമ്പ്, സവിശേഷ നോമ്പ് എന്നിങ്ങനെ വേർതിരിക്കുകയുണ്ടായി. സാധാരണ നോമ്പിൽ വിശപ്പ്, ദാഹം, വികാരം എന്നിവയെ പിടിച്ചുനിർത്തിയാൽ മതി. പ്രത്യേക നോമ്പിൽ വിശപ്പ്, ദാഹം, വികാരം എന്നിവയോടൊപ്പം ശരീരാവയവങ്ങളെ മൊത്തത്തിൽ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ സവിശേഷ നോമ്പിൽ വിശപ്പ്, ദാഹം, വികാരം, ശരീരാവയവങ്ങൾ എന്നിവയോടൊപ്പം ഹൃദയം കൂടി നോമ്പെടുക്കണം. അതാണ് പരിപൂർണ വ്രതം. അപ്പോഴാണ് വ്രതം അങ്കിയാണെന്ന പ്രവാചകന്റെ ഉപമ അന്വർഥമാകുന്നത്.

വ്രതക്കാരന്റെ ഈ ചിട്ടകൾക്കാണ് 'സ്വൗം' എന്ന് അറബിയിൽ പറയുന്നത്. പിടിച്ചുനിർത്തുക, നിയന്ത്രിക്കുക എന്നൊക്കെയാണ് അതിനർഥം. ഈ ചിട്ടകളിൽ ഏറെ മുഖ്യമാണ് ഇഛകൾ. ദേഹേഛകൾക്കു മേൽ സ്വാധീനം നേടാനാകാതെ ആദർശവിശ്വാസവും അതിന്റെ തേട്ടത്തിനനുസരിച്ച ജീവിതവുമായി മുന്നോട്ടു പോകാനാകില്ല. പാപങ്ങളിൽനിന്ന് ജീവിതം സുരക്ഷിതവുമാകില്ല.

ശരീരത്തിന്റെയും മനസ്സിന്റെയും ഇഛകളെ അതിജയിക്കാനാണ് വിശ്വാസി ശീലിക്കേണ്ടത്. തെറ്റുകൾക്ക് പ്രേരണ നൽകുന്നതാണ് മനുഷ്യമനസ്സുകളുടെ പ്രകൃതി. മനസ്സ് ആഗ്രഹിക്കുന്നു, ശരീരം നടപ്പിലാക്കുന്നു. അതിന്റെ ദുരന്തമാണല്ലോ സമൂഹത്തിൽ നടമാടുന്ന എല്ലാവിധ അക്രമങ്ങളും. ദേഹേഛകൾ മൂലമുണ്ടാകുന്ന ദുരന്തത്തിൽനിന്ന് വിശ്വാസി രക്ഷ നേടാൻ സ്വയം പ്രതിരോധശക്തിയാർജിക്കുക എന്നതാണ് നോമ്പുകൊണ്ട് ഉദ്ദേശിക്കുന്നത്. അതിലൂടെയാണ് മനസ്സിനെയും ജീവിതത്തെ മൊത്തത്തിലും ശുദ്ധീകരിച്ചെടുക്കാനുള്ള ദൈവികസംവിധനം പ്രയോജനപ്പെടുകയുള്ളു. ഇല്ലെങ്കിൽ നോമ്പ് അതിന്റെ വഴിക്കും നമ്മുടെ ശീലങ്ങൾ അതിന്റെ വഴിക്കും സഞ്ചരിക്കും. അതിനാൽ പ്രവാചകൻ ഇങ്ങനെ പറഞ്ഞു: എത്രയെത്ര നോമ്പുകാരുണ്ട്. അവരുടെ വ്രതം കൊണ്ട് വിശപ്പും ദാഹവും സഹിക്കുകയെന്നല്ലാതെ അവർക്ക് യാതൊരു പ്രയോജനവും ലഭിക്കുകയില്ല.''

പശ്ചാത്താപമാണ് റമദാനിന്റെ റേഡിയോതെറാപിയിൽ പ്രധാനം. പശ്ചാത്താപമില്ലാതെ റമദാനില്ല. റമദാനുകൾ പലതും വന്നുപോയിട്ടും തന്റെ പാപങ്ങൾ അപ്പടി അവശേഷിക്കുന്ന ഹൃദയത്തിന്റെ ഉടമ നശിച്ചതു തന്നെ.

ഖേദമാണ് പശ്ചാത്താപത്തിന്റെ അടിസ്ഥാനം. അത് ഹൃദയത്തിലെ കറകളെ കരിച്ചുകളയുന്നു. പ്രവാചകൻ പറഞ്ഞതിങ്ങനെ: എത്രയെത്ര പാപങ്ങളാണ് അത് ചെയ്തവനെ സ്വർഗത്തിൽ പ്രവേശിക്കുന്നത്.

അനുചരന്മാരുടെ സംശയം: അതെങ്ങനെ പ്രവാചകരേ?

അതോ, ആ പാപത്തിന്റെ പേരിൽ അവർ ഖേദിക്കുന്നു. അല്ലാഹുവിനെ ഭയപ്പെട്ട് അതിൽ നിന്നവർ ഓടിയകലുന്നു. ആ അവസ്ഥയിൽ അവരെ മരണം പിടികൂടുകയും അതുവഴി അവർ സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു.''

വിശ്വാസിയുടെ പാപങ്ങളെ മാചുകളഞ്ഞു അവന്റെ മനസ്സിനെ ശുദ്ധീകരിക്കുന്നതോടൊപ്പം ചുറ്റുപാടുകകൾക്കതിന്റെ സദ്ഫലം നൽകുന്നതാണ് റമദാൻ. അതിനാൽ തന്നെ വ്രതം ഏറെ അനുഭൂതിദായകമാണ്. അല്ലാത്തവർക്ക് റമദാൻ ഭാരവും അലസതയുടെ മാസവുമായിരിക്കും.

വ്യക്തിയുടെ ആത്മസംസ്കരണത്തോടൊപ്പം ചില ഉന്നതഗുണങ്ങൾ കൂടി റമദാൻ വ്രതം ഉൾക്കൊണ്ടിട്ടുണ്ട്. ഉദാത്തമായ വ്യക്തിത്വം ഉണ്ടാക്കുകയാണ് അതിൽ പ്രധാനം.

### റമദാൻ ഒരു വിദ്യാലയം

12 മാസങ്ങളിൽ നാലെണ്ണം ആദരണീയങ്ങളാണെന്ന് ഖുർആൻ നമ്മെ ഉണർത്തി. റജബ്, ദുൽഖഅ്ദ, ദുൽഹിജ്ജ, മുഹർറം എന്നിവക്ക് അല്ലാഹുവിങ്കൽ ഏറെ വിശുദ്ധിയുണ്ട്. സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും അന്തരീക്ഷമാണ് അവയുടെ ആദരണീയത കൊണ്ടുദ്ദേശിക്കുന്നത്. ഹജ്ജിന്റെ വിശുദ്ധതീർഥാടനങ്ങൾക്കു പോലും ആ മാസങ്ങളിലൊന്നാണ് അല്ലാഹു നിർണയിച്ചത്. എന്തുകൊണ്ട് വിശുദ്ധിയുടെയും സമാധാനത്തിന്റെയും മാസമായ വ്രതത്തെ ഈ മാസങ്ങളിലൊന്നിൽ നിർണയിച്ചില്ല?

ഖുർആന്റെ വരികളിൽനിന്ന് നമുക്കതിന്റെ ഉത്തരം വായിച്ചെടുക്കാം. റമദാൻ അധ്വാനത്തിന്റെയും ജിഹാദിന്റെയും മാസമാണ്.

ആകാശലോകത്തുനിന്ന് ദൈവത്തിന്റെ ആജ്ഞകളുമായി വിശുദ്ധനായ മാലാഖ ജിബ്രീൽ ഭൂമിയിലേക്ക് ഇറങ്ങിവന്നതും ഭൂമിയിൽ അവന്റെ ഇംഗിതത്തിനൊത്ത് ജീവിക്കുന്ന ഉത്തമ സമുദായത്തിന് ബീജാവാപം നടന്നതും റമദാനിന്റെ വിശുദ്ധ രാവുകളിൽ ഒന്നിലാണ്. മറ്റു വ്യവസ്ഥിതികളെ ജയിച്ചടക്കുന്നതിനും മനുഷ്യനെ ഉത്തമസ്വഭാവത്തിലൂടെ സമ്പൂർണനാക്കുന്നതിനും ഭൂമിയിൽ നീതി സ്ഥാപിക്കുന്നതിനുമായിരുന്നു അത്. അതിനാൽ തന്നെ റമദാൻ വ്രതം മനുഷ്യജീവിതവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. ഈ പ്രത്യേകത മറ്റു മാസങ്ങൾക്ക് കാണാനാകില്ല.

അധ്വാനത്തിന്റെയും ജിഹാദിന്റെയും മാസമാണ് റമദാനെന്ന് സൂചിപ്പിച്ചല്ലോ. ആകാശലോകത്തുനിന്നും ആദ്യമായി മുഹമ്മദ് നബിക്ക് ''നിന്നെ സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ വായിക്കുക'' എന്ന ആജ്ഞ ഇറങ്ങിയ നിമിഷം, അത് മുഴുവൻ ലോകത്തൊടുമുള്ള ആജ്ഞയായി വ്യാപിച്ചു. അതിനു മുമ്പിൽ ഇതികർത്തവ്യതാമൂഢരാകാൻ വിശ്വാസിക്ക് സന്ദർഭമില്ല. റമദാനിന്റെ അവസാന രാവുകളിലൊന്നിൽ ജനനം കൊണ്ട ഈ ശരീഅത്തിന്റെ പ്രയോക്താക്കളാകാനും അതിന്റെ ആദർശം ജീവിച്ചുകാണിക്കാനും അതിന്റെ ആളുകൾ ശീലിക്കുകയും അഭ്യസിക്കുകയും ജീവിതം ക്രമപ്പെടുത്തുകയും ചെയ്യേണ്ടതുണ്ടായിരുന്നു.

റമദാനിന്റെ വിശുദ്ധ നാളുകളിൽ പ്രത്യേകമായി വിശ്വാസികൾ ഖുർആൻ അഭ്യസിക്കേണ്ടതുണ്ട്. ഉത്തമ സ്വഭാവഗുണങ്ങൾ ആർജിക്കേണ്ടതുണ്ട്. തന്റെ ആദർശത്തിന്റെ മാധുര്യം മറ്റുള്ളവരെ അറിയിക്കേണ്ടതും റമദാനിന്റെ വിശുദ്ധിയിലൂടെയാണ്.

അതിനു വേണ്ടി വിശ്വാസികളിൽ കുറെ ഉന്നത ഗുണങ്ങൾ വളർത്തിയെടുക്കാൻ റമദാൻ ആഗ്രഹിക്കുന്നു. അക്കാര്യത്തിൽ മികച്ച ഒരു ധർമികസ്ഥാപനമായി റമദാൻ നിലകൊള്ളുന്നു.

റമദാനിൽ ഖുർആൻ ഒരാവർത്തി വായിക്കുമ്പോൾ തന്റെ ജീവിതത്തെയും സ്വഭാവത്തെയും അതിന്റെ വെളിച്ചത്തിൽ പുനർവായന നടത്താൻ വിശ്വാസി ബധ്യസ്ഥനാണ്. ദാനധർമങ്ങളിലും നമസ്കാരങ്ങളിലും അന്നം ഉപേക്ഷിക്കുന്നതിലും പരിമിതിപ്പെടുത്തിയാൽ റമ

ദാൻ ഉദ്ദേശിക്കുന്ന ധാർമികഗുണങ്ങൾ സ്വായത്തമാവുകയില്ല. ക്ഷമയും വിട്ടുവീഴ്ചയും മുൻനിറുത്തി ബന്ധങ്ങളെ നന്നാക്കുവാനും, കുടുംബബന്ധങ്ങൾ ശക്തമാക്കുവാനും അസൂയ, ശുണ്ഠി, മുൻകോപം, പ്രതികാരദാഹം, പക, വിദ്വേഷം, പരദൂഷണം, അനാരോഗ്യകരമായ ലൈംഗിക തൃഷ്ണകൾ, ചതി, കള്ളം, ഉപരി ദേഹേഛകളുടെ അമിതമായ സ്വാധീനം എന്നിവയിൽനിന്ന് ജീവിതത്തെ മുക്തമാക്കാനും പരസഹായം, വിട്ടുവീഴ്ച, സഹനം, കാരുണ്യം, സഹാനുഭൂതി, വിചാരശീലം, വിശ്വസ്തത, ഉദാത്തമായ ഇഛാശക്തി തുടങ്ങിയ ഉത്തമ സ്വഭവശീലങ്ങൾ വളർത്തിയെടുത്ത് ജീവിതത്തെ മാതൃകായാഗ്യമാക്കാനുമുള്ള ശീലങ്ങളാണ് റമദാനിലൂടെ നേടിയെടുക്കേണ്ടത്. അതിന്റെ അഭാവത്തിൽ നമ്മെക്കൂടാതെ റമദാൻ അതിന്റെ വഴിക്ക് പോകും. അത്തരക്കാർക്ക് നാശം വരട്ടെയെന്ന് പ്രവാചകൻ പ്രാർഥിക്കുകയുണ്ടായി.

റമദാൻ വ്രതത്തിലൂടെ ഖുർആൻ അവതീർണതയെ നാം സ്മരിക്കുന്നു. ആ സ്മരണയുടെ നിറവിലാണ് നാം വ്രതനാളുകളിൽ ജീവിക്കുന്നത്. പക്ഷേ, ഖുർആൻ ജീവിതത്തിൽ ഇല്ലാതെ എങ്ങനെയാണ് അതിനെ നാം സ്നേഹിക്കുക? അതിന്റെ മൂല്യങ്ങൾക്ക് നമ്മിൽ സ്ഥാനമില്ലാതെ എങ്ങനെയാണ് നാം ഖുർആനിന്റെ ആളുകളാവുക? വിശ്വാസവും ആദർശവും, ശരീഅത്തും, ചൊവ്വായ ദീനുമൊക്കെ നമുക്ക് എങ്ങനെയാണ് വിജയത്തിനുള്ള മാർഗങ്ങളാവുക? നമുക്കെങ്ങനെയാണ് ഇഖാമതുദ്ദീൻ സാധിക്കാനാകുക? ഭൗതിക പൂജകരായ ആളുകളിൽനിന്ന് നമുക്ക് പിന്നെ എന്തു വ്യത്യാസമാണുണ്ടാവുക? അല്ലാഹു വിശ്വാസികൾക്ക് ഒരുക്കിവെച്ച സ്വർഗത്തിലേക്ക് എങ്ങനെയാണ് നാം എത്തിച്ചേരുക?

ഖുർആൻ നമ്മുടെ മേലുള്ള അമാനത്താണ്. ഖുർആനിലേക്കിറങ്ങാതെ അതെന്താണെന്ന് അറിയാനാകില്ല. അതിനൊത്ത് ജീവിക്കാനാകില്ല. അത് വ്യക്തിയിൽ വളർത്തിയെടുക്കുന്ന സ്വഭാവങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കാനാകില്ല. അതിനാണ് വിശ്വാസിയോട് ഖുർആനിലേക്ക് ഇറങ്ങിച്ചെല്ലാൻ റമദാൻ ഉദ്ഘോഷിച്ചത്. അതിന്റെ സ്വഭാവം ആർജിക്കാൻ അദ്ധ്വാനിക്കണമെന്ന് ഉദ്ബോധിപ്പിച്ചത്. ആ അധ്വാനമാണ് റമദാൻ വ്യക്തികളിൽ നിന്ന് തേടുന്ന ജിഹാദ്.

**സ്വഭാവങ്ങളുടെ കടിഞ്ഞാൺ**

സ്വഭാവം നമ്മുടെ മനസ്സിലാണ്. എന്നാൽ അതിന്റെ കടിഞ്ഞാൺ പലപ്പോഴും പിശാചിന്റെ കൈകളിലാകാം. അവൻ തീയാൽ ഉണ്ടാകപ്പെട്ടവനായതിനാൽ കോപവും അക്ഷമയും അവിവേകവും ഇഛാശക്തിയുടെ നിരാകരണവും അവന്റെ സ്വഭാവമാണ്. അവനത് മനുഷ്യരിലൂടെയാണ് പ്രകടിപ്പിക്കുക. മറ്റുള്ളവരുമായുള്ള പെരുമാറ്റത്തിൽ അവൻ അതിനുള്ള തക്കം പാർത്തിരിക്കുകയാണ് ചെയ്യുന്നത്. ഇത് മനസ്സിലാക്കാനും പൈശാചിക സ്വഭാവങ്ങളിൽനിന്ന് രക്ഷപ്പെടാനുമുള്ള വഴി പറഞ്ഞുതരികയാണ് റമദാൻ. ആത്മാർഥമായി വ്രതമനുഷ്ഠിക്കുന്ന ഒരാൾ ശാരീരികവികാരങ്ങളുടെ ശക്തമായ സമ്മർദ്ദങ്ങളുണ്ടാകുമ്പോഴും ജനങ്ങളുമായുള്ള ഇടപാടുകളിൽ മാനസികമായ പിരിമുറുക്കങ്ങളുണ്ടാകുമ്പോഴും ക്ഷമിക്കാനും വികാരങ്ങളെ അടക്കിനിർത്താനുള്ള ഇഛാശക്തിയും വർധിപ്പിച്ചെടുക്കുന്നതിൽ സഹായിക്കുകയാണ് റമദാൻ ചെയ്യുന്നത്. വ്രതത്തെക്കാൾ ഉത്തമമായ മാർഗം അതിനില്ല. ഈ ശീലത്തിലൂടെയാണ് ജീവിതത്തിന്റെ ഏത് സമ്മർദ്ദങ്ങളെയും അതിജയിക്കാൻ വിശ്വാസിക്ക് സാധിക്കുന്നത്. പിന്നെ അവനെ പിശാച് ബാധിക്കുകയില്ല. അതിന്റെ അഭാവത്തിൽ നാം പിശാചിന്റെ സംപ്രേക്ഷണനിലയമായി മാറും. സഹനശീലവും വിവേകവും ഇഛാശക്തിയും വളർത്തിയെടുക്കുന്നതിലൂടെ സ്വസ്വഭാവത്തിന്റെ നിയന്ത്രണം സ്വന്തം കൈകളിൽ ഒതുക്കിനിർത്താൻ സഹായിക്കുകയാണ് വ്രതം ചെയ്യുന്നത്. സമൂഹത്തോടുള്ള ഉത്തമ ബന്ധത്തിന് അത് അനിവാര്യമാണ്.

**ഈമാനിന്റെ മാധുര്യം**

ഈമാനിന്റെ മാധുര്യം നുകരാൻ സാധിക്കുന്ന അവസരമാണ് റമദാൻ. വ്രതക്കാരന്റെ എല്ലാ വികാരങ്ങളും ഒരേ ഒരു പൊരുത്തത്തെ മുൻനിറുത്തിയാണ് നിലകൊള്ളുന്നത്. അല്ലഹുവിനു വേണ്ടി കൊടുക്കുന്നു, അല്ലാഹുവിനു വേണ്ടി തടയുന്നു, അല്ലാഹുവിനു വേണ്ടി സ്നേഹിക്കുന്നു, അല്ലാഹുവിനു വേണ്ടി കോപിക്കുന്നു. അല്ലാഹുവിന്റെ പൊരുത്തം ഉദ്ദേശിച്ചല്ലാത്ത ഒരു വികാരവും അവനിൽ നിന്ന് പുറപ്പെടുന്നില്ല. ഈമാൻ പൂർണമാകുന്നത് ഇവിടെയാണ്. പൂർണമായ ഈമാനിന്റെ രുചി എത്ര ആസ്വാദ്യകരമാണ് എന്ന് പ്രവാചകൻ പഠിപ്പിച്ചു.

അതിനനുസരിച്ച് ആരാധനകളുടെ കൃത്യനിഷ്ഠയിൽ വ്രതക്കാരൻ ശ്രദ്ധാലുവായിരിക്കും. വ്രതത്തിന്റെ വികാരങ്ങൾക്ക് നിരക്കാത്ത സമീപനങ്ങൾ വാക്കിലോ കർമ്മത്തിലോ വരാതിരിക്കാൻ അവൻ പരമാവധി സൂക്ഷിക്കും. വിശ്വാസിക്ക് അനുഭവിക്കാനാകുന്ന ആരാധനകളുടെയും ദൈവാനുസരണത്തിന്റെയും പരമാനന്ദത്തിലേക്കാണ് വ്രതം നമ്മെ കൊണ്ടുപോകുന്നത്. ഈ ആനന്ദമാണ് മറ്റാരും കാണാതിരുന്നിട്ടും വ്രതത്തിൽ നാം നമ്മെ ബന്ധിച്ചുനിർത്തുന്നത്. അതിനെ തകർക്കുവാൻ ഭൗതികമായ ഒരു ശക്തിക്കും സാധിക്കുകയില്ല. കാരണം, താനും തന്റെ നാഥനുമായുള്ള സ്വകാര്യതയാണ് ഇതെന്ന് അവൻ സന്തോഷപൂർവം

തിരിച്ചറിയുകയും അതിൽ ആനന്ദം കണ്ടെത്തുകയും ചെയ്യുന്നു. ഇതേ ആനന്ദമാണ് അവനെ ജീവിതകാലം മുഴുവൻ ഈമാനോടുകൂടി ജീവിക്കുവാൻ പര്യാപ്തമാക്കുന്നത്. അക്കാര്യത്തിൽ വിശ്വാസിയെ സഹായിക്കാൻ റമദാനോളം മറ്റൊരു മാസത്തിനും സാധിക്കുകയില്ല. പക്ഷേ, നാം സ്വയം മാറ്റത്തിന് വിധേയരല്ലെങ്കിൽ റമദാൻ വരികയും പോവുകയും ചെയ്യും. നമ്മുടെ പാപക്കറകൾ ശുദ്ധമാകാതെ ഹൃദയത്തിൽ അവശേഷിക്കുകയും ചെയ്യും. അതത്രെ ആത്മാവിന്റെ നാശം. നിശ്ചയം അതിനെ (ആത്മാവിനെ) കളങ്കപ്പെടുത്തിയവൻ പരാജയപ്പെട്ടു. (ഖുർആൻ, 91: 10)